(സി) യു.പി.എസ്.എ. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അവയിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) സോഷ്യൽ സ്റ്റഡീസ് വിഭാഗത്തിൽ എച്ച്.എസ്.എ. തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അവയിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

(ഇ) ഒഴിവുകൾ നികത്താതിരിക്കാനുണ്ടായ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

(ഡി) വിശദാംശം അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.*

(ഇ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നികത്താൻ കഴിയുകയുള്ളൂ. എച്ച്.എസ്.എ. സോഷ്യൽ സയൻസ് തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിലില്ല. അന്തർജില്ലാ സ്ഥലം മാറ്റം, പ്രൊമോഷൻ, ബൈട്രാൻസ്ഫർ നിയമനം ഇവയ്ക്കായി മാറ്റി വച്ചിരിക്കുന്ന മറ്റ് ഒഴിവുകളിൽ നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.

**അൻപത്തിയാറാമത് സംസ്ഥാന സ്കൂൾ കലോത്സവം**

77(1140) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അദ്ധ്യയന വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിലും അതിനു മുന്നോടിയായി നടന്ന സബ് ജില്ല/ജില്ലാ കലോത്സവങ്ങളിലും വാളുവയ്പു സംഘങ്ങളും ഇടനിലക്കാരും ഇവർക്ക് വിധേയരായ ചില വിധികർത്താക്കളുടെയും നടത്തിപ്പു ജീവനക്കാരുടേയും ഇടപെടലുകൾ ഉണ്ടായതായും അതിന്റെ അടിസ്ഥാനത്തിൽ മത്സരാർത്ഥികളും രക്ഷകർത്താക്കളും വിദ്യാർത്ഥികളുടെ ഗുരുസ്ഥാനീയരും പരാതിപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ അന്വേഷണം നടത്തിയെന്നും അന്വേഷണത്തിൽ കണ്ടെത്തിയ വാളുവയ്പു സംഘങ്ങളും ഇടനിലക്കാരും വിധികർത്താക്കളും നടത്തിപ്പുകാരും ആരെല്ലാമെന്നും ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചുവെന്നും ഇത്തരം പ്രവർത്തനം നടത്തിയവരിൽ കരിമ്പട്ടികയിൽപ്പെടുത്തിയവർ ആരെല്ലാമെന്നും കുറ്റക്കാരായി കണ്ടെത്തി ആജീവനാന്ത വിലക്ക് ഏർപ്പെടുത്തിയ മറ്റുള്ളവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) വർദ്ധിച്ചു വരുന്ന ഇത്തരം പ്രവണത തടയുവാൻ സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ നൈസർഗ്ഗിക കലാവാസനയുള്ള, സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുട്ടികൾക്ക് മുൻതൂക്കം നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) നടപ്പുമേളയിൽ സംസ്ഥാനതലത്തിൽ വിധി നിർണ്ണയം ചോദ്യം ചെയ്തു എത്ര അപ്പീൽ ഉണ്ടായിയെന്നും അവസാന റിസൾട്ട് വരെ അപ്പീലിനെ ആശ്രയിച്ചായിരുന്നു എന്നതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ഇ) നൈസർഗ്ഗിക കലാവാസനയില്ലാത്ത അൻപത് ശതമാനം പേരെങ്കിലും എം.ബി.ബി.എസ്. തുടങ്ങിയ പ്രൊഫഷണൽ മേഖലാ പഠനത്തിനു വേണ്ടിയുള്ള അഡ്മിഷൻ സമ്പാദിക്കാൻ മാത്രമായി വിവിധ മാർഗ്ഗങ്ങളിലൂടെ മേള ഉപയോഗിക്കുന്നതും ശേഷം കലാമേഖല വിടുന്നതും സംബന്ധിച്ച് പരിശോധന നടത്തിയോ; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) അൻപത്തിയാറാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ അപ്പീൽ വഴി എന്തു തുക പിരിഞ്ഞുകിട്ടി; പ്രസ്തുത കലോത്സവത്തിന് ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സബ്ജില്ലാ/ജില്ലാ കലോത്സവങ്ങളിലെ വിധിനിർണ്ണയവുമായി ബന്ധപ്പെട്ട് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) സബ്ജില്ലാ/ജില്ലാ കലോത്സവങ്ങളിലെ വിധിനിർണ്ണയവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായി ഒരു മാന്വൽ പരിഷ്കരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പരിഷ്കരണത്തിൽ നൈസർഗ്ഗിക കലാവാസനയുള്ള സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുട്ടികൾക്ക് മുൻഗണന നൽകുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) 353 അപ്പീലുകളാണ് ലഭിച്ചത്. റവന്യൂ ജില്ലകളിൽ നിന്നും കോടതികളിൽ നിന്നും അപ്പീൽ മുഖാന്തരം പങ്കെടുത്ത മത്സരാർത്ഥികൾ ജില്ലയിൽ നിന്നും മത്സരിച്ച് വിജയിച്ചുവന്ന മത്സരാർത്ഥിയെക്കാൾ സ്കോർ മെച്ചപ്പെടുത്താത്തതിനാലാണ് അവസാന റിസൾട്ട് വരെ അപ്പീലിനെ ആശ്രയിച്ചിരുന്നത്.

(ഇ) സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് എം.ബി.ബി.എസ്. തുടങ്ങിയ പ്രൊഫഷണൽ മേഖലാ പഠനത്തിനുവേണ്ടി യാതൊരു സൗജന്യവും നൽകുന്നില്ല.

(എഫ്) അൻപത്തിയാറാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ അപ്പീൽ വഴി 4,62,000 രൂപ ലഭിച്ചിട്ടുണ്ട്. കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് 1,84,15,000 രൂപ ചെലവഴിച്ചിട്ടുമുണ്ട്.

## ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്ക് നൽകാൻ നടപടി

78(1141) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സെമീറ. കെ.പി. ഫയൽ നമ്പർ ഇ.എക്സ്./ജെ. എ.3/11864/2015/സി. ജി. ഇ. പ്രകാരം എസ്.എസ്.എൽ.സി. ബുക്ക് ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിനു വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) ടിയാൾക്ക് എസ്.എസ്.എൽ.സി. ബുക്ക് നൽകുന്നതിന് എന്താണ് തടസ്സമെന്ന് വെളിപ്പെടുത്താമോ;

(സി) ശ്രീമതി സെമീറ. കെ.പി. -യ്ക്ക് എസ്.എസ്.എൽ.സി. ബുക്ക് എപ്പോൾ നൽകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) പരീക്ഷാഭവനിലെ ജെ.എ 3/11864/2015 ഫയൽ നമ്പർ പ്രകാരം കോഴിക്കോട് ജില്ലയിലെ സെമീറ കെ.പി, എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് 30-6-2015-ന് രജിസ്റ്റർ ബാർകോഡ് RL-36076451 IN തീയതി 30-6-2015 ആയി കളത്തൂർ ഗവ.എച്ച്.എസ്. പ്രഥമാദ്ധ്യാപകന് അയച്ച് കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly